**ഭരണഭാഷ മാതൃഭാഷ**

ഹയർസെക്കന്ററി വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം,
ഹൗസിംഗ്ബോർഡ് ബിൽഡിംഗ്സ്,
ശാന്തി നഗർ,
തിരുവനന്തപുരം

എഡി..എ3/8546/എച്ച്.എസ്.ഇ/15

തീയതി : 23/02/2015

# സർക്കുലർ

വിഷയം : ഹ.സെ.വി. ലാബ് അസിസ്റ്റന്റുമാരുടെ പൊതു സ്ഥലംമാറ്റം – 2015 – അപേക്ഷ ക്ഷണിക്കുന്നത് – സംബന്ധിച്ച്

സൂചന : സർക്കാർ ഉത്തരവ് നമ്പർ 12/04 ഉ.പ.ദ.വ തീയതി.10.9.2004

ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറേറ്റിൻ കീഴിലുള്ള ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളുകളിലെ ലാബ് അസിസ്റ്റന്റ്മാരുടെ 2015–16 ലെ പൊതു സ്ഥലംമാറ്റത്തിന് അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു. അപേക്ഷകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന മാതൃകയിൽ തയ്യാറാക്കി പ്രിൻസിപ്പൾമാരുടെ ശുപാർശയോടെ ലഭിക്കേണ്ട അവസാന തീയതി 15/03/2015. അപേക്ഷ സമർപ്പിക്കേണ്ടത് താഴെപ്പറയുന്ന നിബന്ധനകൾ അനുസരിച്ചായിരിക്കേണ്ടതാണ്.

1. 31/12/2014 ന് മൂന്നു വർഷം ഒരു സ്കൂളിൽ സേവനം പൂർത്തിയാക്കിയവർക്കുമാത്രമേ പൊതു സ്ഥലംമാറ്റത്തിന് അപേക്ഷിക്കുവാൻ അർഹതയുള്ളു.
2. ഒരു സ്റ്റേഷനിൽ (സ്കൂളിൽ) മൂന്നുവർഷം പൂർത്തിയായ എല്ലാ ലാബ് അസിസ്റ്റന്റുമാരും നിർബന്ധമായും അപേക്ഷ സമർപ്പിക്കേണ്ടതാണ്. മൂന്നുവർഷം കഴിഞ്ഞ് തുടരുന്നവരുടെ സ്കൂളിലേയ്ക്ക് സ്ഥലംമാറ്റത്തിനുള്ള അപേക്ഷ ലഭിക്കുന്നപക്ഷം ടിയാളിനെ അപേക്ഷയിലെ ഓപ്ഷന്റെ അടിസ്ഥാനത്തിൽ സ്ഥലം മാറ്റുന്നതാണ്. അപേക്ഷ സമർപ്പിക്കാത്തപക്ഷം മൂന്നുവർഷത്തിലധികം തുടരുന്നയാളിനെ ടി സ്കൂളിൽ നിന്നും ഓപ്ഷനില്ലാതെ തന്നെ സ്ഥലം മാറ്റുന്നതാണ്.
3. 3 വർഷത്തിൽ താഴെ ഒരേ സ്കൂളിൽ സേവനമുള്ളവരും അന്തർജില്ലാ സ്ഥലം മാറ്റ അപേക്ഷയ്ക്കും ഈ സർക്കുലർ പ്രകാരം അപേക്ഷ സമർപ്പിക്കുവാൻ യോഗ്യരല്ല.

4. സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ പരിഗണിക്കുന്നത് സൂചന സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കനുസരിച്ചായിരിക്കും.
5. നിശ്ചിത തീയതിക്കുശേഷം ലഭിക്കുന്ന അപേക്ഷകളും ഉചിത മാർഗേണയല്ലാതെ ലഭിക്കുന്ന അപേക്ഷകളും പരിഗണിക്കുന്നതല്ല.
6. സ്ഥലം മാറ്റ ഉത്തരവ് വെക്കേഷൻ കാലയളവിൽ പുറപ്പെടുവിക്കുന്നതും അദ്ധ്യയനവർഷാരംഭം പുതിയ സ്റ്റേഷനിൽ റിപ്പോർട്ടു ചെയ്യേണ്ടതുമാണ്.

ഡയറക്ടർ

| സ്കൂൾകോഡ്: ............................ |
|---|
| ഫോൺ നമ്പർ: ........................... |

# ഹയർസെക്കന്ററിവിദ്യാഭ്യാസവകുപ്പ്

## ലാബോറട്ടറിഅസിസ്റ്റന്റുമാരുടെ പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷ

*(അപേക്ഷയിലെഎല്ലാകോളങ്ങളും പൂരിപ്പിക്കേണ്ടതാണ്)*

| | | |
|---|---|---|
| 1 | അപേക്ഷകന്റെ പേര് | |
| 2 | സ്കൂളിന്റെ പേര് | |
| 3 | ജനന തീയതി | |
| 4 | ഇപ്പോഴത്തെ സ്കൂളിൽജോലിയിൽ പ്രവേശിച്ച തീയതി | |
| 5 | ഇപ്പോഴത്തെ സ്കൂളിൽജോലിയിൽ പ്രവേശിക്കുന്നതിന് തൊട്ടുമുമ്പ്ഇതേതസ്തികയിൽജോലിചെയ്ത കാലയളവും, സ്കൂളുകളുടെ പേരുകളും | |
| 6 | സ്ഥലംമാറ്റത്തിന് പ്രത്യേകഅർഹതയുണ്ടോ? (ഉണ്ടെങ്കിൽരേഖഹാജരാക്കണം) | വികലാംഗർ/മിശ്രവിവാഹിതർ/മിലിട്ടറി ആശ്രിതർ/എസ്.സി, എസ്.റ്റി/വിദൂരസ്ഥലസേവനം/വിരമിക്കാൻ 2 വർഷം/ സഹതാപാർഹമായകാരണം/മറ്റുള്ളവ ബാധകമല്ല |
| 7 | സ്ഥിരതാമസസ്ഥലം (പഞ്ചായത്തിന്റെ/മുനിസിപ്പാലിറ്റിയുടെ/കോർപ്പറേഷന്റെ പേര് സഹിതം) | |
| 8 | സ്ഥലംമാറ്റംലഭിക്കുവാൻ ആഗ്രഹിക്കുന്ന സ്കൂളുകൾ. പരമാവധി 5സ്കൂളുകൾ മാത്രമേഓപ്റ്റ്ചെയ്യാൻ പാടുള്ളൂ.<u>(ജില്ലക്കകത്തുള്ളസ്കൂളുകൾ മാത്രം)</u> | സ്കൂളിന്റെ പേര് കോഡ്<br>1. ............................ ...............<br>2. ............................ ...............<br>3. ............................ ...............<br>4. ............................ ...............<br>5. ............................ ............... |

മുകളിൽ പ്രസ്താവിച്ചിരിക്കുന്ന കാര്യങ്ങൾസത്യമാണെന്ന്ഇതിനാൽ പ്രതിജ്ഞചെയ്യുന്നു.

*സ്ഥലം :* *ഒപ്പ് :*

*തീയതി :* *അപേക്ഷകന്റെ പേര് :*

അപേക്ഷകന്റെസേവന പുസ്തകം/ബന്ധപ്പെട്ട സർവ്വീസ്രേഖകൾ പരിശോധിച്ച്മേൽ പ്രസ്താവിച്ച വിവരംശരിയാണെന്നുസാക്ഷ്യപ്പെടുത്തുന്നു.

*സ്ഥലം :* *പ്രിൻസിപ്പാളിന്റെഒപ്പും*

*തീയതി :* *പേരും*

3